KERALAM
YOUNG ENTREPRENEURS CONCLAVE 2026

September 26, 2026

Calicut Trade Centre,
Eranhippalam, Kozhikode

REPORT

യുവസംരംഭകരുടെ മഹാസംഗമം;

കേരളം യംഗ് എന്റർപ്രണേഴ്സ് കോൺക്ലേവ് 2026

യുവ സംരംഭകർക്ക് തങ്ങളുടെ ആശയങ്ങൾ പ്രാ യോഗികമാക്കാനും പ്രമുഖ വ്യവസായികളുമായും നിക്ഷേപകരുമായും സംവദിക്കാനും ഒരു വേദി എന്ന ലക്ഷ്യത്തോടെ റാംപ് പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പ് 2026 സെപ്റ്റംബർ 26ന് കോഴിക്കോട് വെച്ച് യംഗ് എന്റർപ്രണേഴ്സ് കോൺക്ലേവ് 2026 സംഘടിപ്പിച്ചു.



ഡിജിറ്റൽ, എ.ഐ ടൂളുകൾ സംരംഭങ്ങളിൽ പ്രയോ ജനപ്പെടുത്തുന്നത് സംബന്ധിച്ച സാങ്കേതിക സെ ഷനുകൾ, ബിസിനസ് മേഖലയിൽ വിജയം നേടിയ വിദഗ്ധരുമായുള്ള ആശയവിനിമയം, യുവ സംരംഭക രുടെ അനുഭവങ്ങൾ തുടങ്ങി വിവിധ സെഷനുകൾ കോൺക്ലേവിൽ ഉൾപ്പെടുത്തിയിരുന്നു. സാങ്കേതിക സ്ഥാപനങ്ങൾ, ബാങ്കുകൾ, പ്രമുഖ സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ പങ്കെടുത്ത കോൺക്ലേവിൽ 2000 ലധികം സംരംഭകരും ഭാഗമായി. വിവിധ സ്റ്റാർട്ടപ്പുകളുടെയും പദ്ധതികളുടെയും ഉൽപ്പന്നങ്ങളുടെയും പ്രദർശനവു മായി 43 സ്റ്റാളുകളും കോൺക്ലേവിൽ ഒരുക്കിയിരുന്നു.

സംരംഭകർക്ക് രാജ്യത്ത് നിലവിലുള്ള ഏത് ആനുകൂല്യ വും കേരളത്തിലും ലഭിക്കുമെന്ന് കോൺക്ലേവ് ഉദ്ഘാ ടന വേദിയിൽ ബഹു. വ്യവസായ, വാണിജ്യ, ഐ.ടി, എ.ഐ വകുപ്പ് മന്ത്രി ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി പറഞ്ഞു. സംരംഭങ്ങൾ തുടങ്ങാൻ അനുമതി ലഭിക്കാതെ ദീർഘകാലം മുടങ്ങിക്കിടക്കുന്ന അവസ്ഥ കേരളത്തിൽ ഇനി ഉണ്ടാകില്ലെ ന്നും അനുമതികൾ ഏകീകരിക്കാനും ലഘൂകരിക്കുവാനും ലക്ഷ്യമിടു ന്ന 'വൺ സ്റ്റേറ്റ്, വൺ അപ്രൂ വൽ, വൺ ഡോ ക്യുമെന്റ് - സരൾ കേരളം' പദ്ധതി ഉടൻ നടപ്പിലാക്കുമെന്നും മന്ത്രി വ്യക്തമാക്കി.



ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി വ്യവസായ, വാണിജ്യ മേഖല യിൽ വലിയ നേട്ടം ഉണ്ടാക്കാൻ കേരളത്തിന് കഴിയുമെന്നതിന് തെളിവാണ് കേരളത്തിലെ യുവസംരംഭകർ എന്നും മന്ത്രി പറഞ്ഞു.

ലോകത്തോടൊപ്പം നമുക്കും ചെയ്യാൻ സാധിക്കും എന്ന് ശുഭാ പ്തിവിശ്വാസമുള്ളവരാണ് കേരളത്തിലെ ജൻസിയെന്നും അവരെ കേരളത്തിന്റെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തണമെ ന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം.മുഹമ്മദ് ഹനീഷ് ഐ.എ.എസ്. മുഖ്യപ്ര ഭാഷണം നടത്തി. കോഴിക്കോട് നോർത്ത് നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. കെ. ജയന്ത്, ശ്രീ സന്തോഷ് കോശി തോമസ് (മാനേജിങ് ഡയറക്ടർ, കിൻഫ്ര), ശ്രീമതി. സഫ്ന (അസിസ്റ്റന്റ് ഡയറക്ടർ, എം.എസ്. എം.ഇ. ഡി.എഫ്.ഒ. തൃശൂർ), ശ്രീമതി. വിജയലക്ഷ്മി (ജനറൽ മാനേജർ, കാനറ ബാങ്ക്), ശ്രീ.















അബ്ദുറഹ്മാൻ (ജില്ലാ പ്രസിഡന്റ്, കെ.എസ്.എസ്.ഐ.എ., കോഴിക്കോട്), ശ്രീ. സന്തോഷ് കുമാർ (വൈസ് ചെയർമാൻ, ഫിക്കി കേരളം), ശ്രീ. രാജീവ് ജി. (അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്), ശ്രീ. രഞ്ജിത്ത് ബാബു (ജനറൽ മാനേജർ, ഡി.ഐ.സി. കോഴിക്കോട്) എന്നിവർ സംസാരിച്ചു.

'യുവ സംരംഭകർ, വലിയ സ്വപ്നങ്ങൾ: അടുത്ത ബിസിനസ്സ് വിപ്ലവത്തിനും സുസ്ഥിരതയ്ക്കും കേരളത്തിന്റെ തയ്യാറെടുപ്പ്' എന്ന വിഷയത്തിൽ ബഹു. തിരൂരങ്ങാടി എം.എൽ.എയും ബിസിനസ് മെന്ററുമായ ശ്രീ. പി.എം.എ. സമീർ, അവന്ത്ര മെഡ്ടെക് പ്രൈവറ്റ് ലിമിറ്റഡിന്റെ ചെയർമാനും എം.ഡിയുമായ അസ്സൈൻ മച്ചുങ്കൽ, ഓറൻകോർ സി.ഇ.ഒ. സംജാദ് മൂഷൻ, ഏഷ്യൻ സർജിക്കൽ മാനേജിങ് പാർട്ണർ ആയിഷ ഗുൽഷൻ ഹാര രവിൻ കൃഷി സ്ഥാപകൻ ശ്രീഹരി വി. എന്നിവർ യുവസംരംഭകരുമായി സംവദിച്ചു.

ഇളനാട് മിൽക്ക് സ്ഥാപകൻ സജീഷ് കുമാർ, ജീവ പ്രോമാക്സ് സി.ഇ.ഒ. സുമൻ പി., റൂബി വെസ്ചർ എക്സ്പോർട്ട്സ് സിഇഒ ആയിഷ റൂബി, കുമ്പളാട് മിൽക്ക് സ്ഥാപകൻ അനൂപ് കൃഷ്ണൻ, വെറൈറ്റി അലൂമിനിയം ഫാബ്രിക്കേഷൻ & ഡിസൈനർ സി.ഇ.ഒ. അജിത് കുമാർ എ. എന്നിവർ തങ്ങളുടെ സംരംഭക യാത്രയുടെ വിജയകഥ പങ്കുവെച്ചു.

വിപണി വിപുലീകരണം, കയറ്റുമതി അവസരങ്ങൾ, എം.എസ്.



എം.ഇകൾക്ക് എ.ഐ & ഡിജിറ്റൽ പരിവർത്തനം, എൻ.എസ്.ഇ എമർജിലൂടെ മൂലധന വിപണിയിലെ വളർച്ച, ബിസിനസ് ഗുണനിലവാരത്തിൽ ബി.ഐ.എസിന്റെ പങ്ക് എന്നീ വിഷയങ്ങളിലെ സാങ്കേതിക സെഷനുകൾ കോൺക്ലേവിന്റെ പ്രധാന ആകർഷണമായിരുന്നു.

വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനും (കെബിപ്പ്) സംയുക്തമായാണ് കേരളം യംഗ് എന്റർപ്രണേഴ്സ് കോൺക്ലേവ് 2026 സംഘടിപ്പിച്ചത്.